# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നം.3135 | 07/11/2019-ലെ<br>മറുപടിക്ക് |

## <u>എച്ച്.എസ്.റ്റി ഇംഗ്ലീഷ് ഒഴിവും നിയമനവും</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | 2020 മെയ് 9 വരെയുള്ള കണക്കുകൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയുടെ എത്ര റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടാകും; അറിയിക്കാമോ; | (എ) | 2020 മെയ് 9 വരെയുള്ള കണക്കുകൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിൽ ഒരു ഒഴിവാണ് ഉണ്ടാവുക. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിലേക്ക് അഡ്വൈസ് ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും നിയമനം ലഭിക്കാത്തവർക്ക് ഉടൻ നിയമനം ലഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | 2019-2020 ഫിക്സേഷൻ പ്രകാരം എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയില്ലാത്ത എത്ര ഗവ.സ്കൂളുകൾ തിരുവനന്തപുരം ജില്ലയിൽ ഉണ്ട്; വ്യക്തമാക്കാമോ; | (സി) | 2019-2020 ഫിക്സേഷൻ പ്രകാരം തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയില്ലാത്ത 42 ഗവ. സ്കൂളുകളാണ് ഉള്ളത്. |
| (ഡി) | 2019 - 2020 ഫിക്സേഷൻ പ്രകാരം കേരളത്തിലെ എത്ര ഗവ.സ്കൂളുകളിൽ എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയില്ലായെന്ന് അറിയിക്കാമോ? | (ഡി) | 2019-2020 ഫിക്സേഷൻ പ്രകാരം കേരളത്തിലെ 368 സ്കൂളുകളിലാണ് എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തിക ഇല്ലാത്തത്. |

സെക്ഷൻ ഓഫീസർ